ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് പ്രദേശങ്ങൾ ഹെറിട്ടേജ് പ്രദേശങ്ങളായി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. അവ എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലുൾപ്പെട്ട ഫോർട്ട് കൊച്ചിയും, തിരുവനന്തപുരം കോർപ്പറേഷനിലുൾപ്പെട്ട കോട്ടയ്ക്കകവുമാണ്.

(ബി) ഹെറിട്ടേജ് മേഖലയിൽ പുതിയതായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആർട്ട് & ഹെറിട്ടേജ് കമ്മീഷന്റെ അനുമതി നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ നൂറ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിടങ്ങൾ പൊളിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഹെറിട്ടേജ് മേഖലയായ തിരുവനന്തപുരം കിഴക്കേകോട്ടയുടെ സമഗ്രമായ സംരക്ഷണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

(സി) പൈതൃക സംരക്ഷണം സംബന്ധിച്ച് തദ്ദേശവാസികൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പൈതൃക മേഖലയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരെ ഉൾപ്പെടുത്തി സംരക്ഷണ സമിതികൾ രൂപീകരിക്കുവാനും ബന്ധപ്പെട്ട മേഖലകളിൽ അവയുടെ സഹായ സഹകരണങ്ങൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ദേവാലയങ്ങൾ

80 [1766] ശ്രീ. എം എ. ചന്ദ്രശേഖരൻ:
„ സി. പി. മുഹമ്മദ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ദേവാലയങ്ങൾ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇവയുടെ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം ചെയ്തുവരുന്നുവെന്നും ഇതിന് പ്രതിവർഷം എന്ത് ചെലവ് വരുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഇവയുടെ സംരക്ഷണത്തിന് കേന്ദ്രത്തിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 33 ദേവാലയങ്ങൾ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് പ്രസ്തുത ദേവാലയങ്ങൾക്ക് ആവശ്യമായ സ്ട്രക്ച്ചറൽ കൺസർവേഷൻ, കെമിക്കൽ കൺസർവേഷൻ എന്നിവ നടത്തിവരുന്നു. ഇതിലേക്കായി പ്രതിവർഷം 15 ലക്ഷം രൂപ വകുപ്പിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നുണ്ട്. കൂടാതെ വിനോദസഞ്ചാര വകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ 68 ലക്ഷം രൂപയുടെ പദ്ധതികൾ പ്രസ്തുത ദേവാലയങ്ങളിൽ നടത്തിവരുന്നുണ്ട്.

(സി) കേന്ദ്രത്തിൽനിന്നും സഹായങ്ങളൊന്നും ലഭിക്കുന്നില്ല.

എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിൽ പെരിയാറിന്റെ മദ്ധ്യഭാഗത്തുള്ള തുരുത്ത് സംരക്ഷിക്കാൻ നടപടി

81 [1767] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഒക്കൽ ഗ്രാമപഞ്ചായത്തിൽ പെരിയാറിന്റെ മദ്ധ്യഭാഗത്തുള്ള തുരുത്ത് തീരസംരക്ഷണത്തിന്റെ അഭാവംമൂലവും ഗതാഗത സൗകര്യമില്ലാത്തതിനാലും നാശം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത തുരുത്ത് കെട്ടിസംരക്ഷിക്കുന്നതിനും തുരുത്തിലേക്ക് തൂക്കുപാലം നിർമ്മിച്ച് ഗതാഗത സൗകര്യം ഉണ്ടാക്കുന്നതിനും എന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ;

(സി) പ്രസ്തുത നിർദ്ദേശം അടിയന്തിരമായി നടപ്പാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി ആന്റ് സി) 22 ഏക്കറോളം വരുന്ന തുരുത്തിൽ 25 കുടുംബങ്ങളാണ് അധിവസിക്കുന്നത്. തുരുത്ത് കെട്ടി സംരക്ഷിക്കുന്നതിനും വഞ്ചികൾ അടുക്കുന്നതിനുമുള്ള കടവും നിർമ്മിക്കാനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. തൂക്കുപാലം

LIBRARY ARCHIVES Kerala Legislative Assembly